# Covid - 19 Special Parish Bulletin - online

Issue II, June 2020

## ST. THOMAS FORANE CHURCH
## Dharmaram College, Bangalore - 560029



# ദുക്റാനത്തിരുനാൾ

ഏറ്റം പ്രിയ കുടുംബാംഗങ്ങളെ,

ഭാരതമണ്ണിൽ വിശ്വാസത്തിന്റെ തിരിതെളിക്കാൻവന്ന നമ്മുടെ പിതാമഹന്റെ ദീപ്തസ്മരണയാണ് ദുക്റാനത്തിരുനാൾ.

വിശ്വാസം ദൈവദാനമാണെങ്കിലും അതിനെ വളർത്താൻ ബോധ പൂർവ്വം ശ്രമിക്കുന്നില്ലെങ്കിൽ നഷ്ടം സംഭവിക്കാം. തനിക്ക് ലഭിച്ച വിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കാൻ പരിശ്രമിക്കുന്ന തോമാശ്ലീഹായെ നാം സുവിശേഷത്തിൽ കാണുന്നുണ്ട് (യോഹ: 14:5). Covid 19 രോഗഭീതി ഒരിക്കലും നമ്മുടെ വിശ്വാസത്തെ തളർത്താൻ ഇടവരരുത്. 2020 വർഷത്തെ ദുക്റാനത്തിരുനാളിന്റെ അർത്ഥവും അതുതന്നെയല്ലെ.

നമുക്കും അവനോടുകൂടെപ്പോയി മരിക്കാം (യോഹ: 11:16) എന്ന തോമാശ്ലീഹായുടെ ധീരത വിശ്വാസത്തിന്റെ അനിവാര്യതയാണ്. എല്ലാ കുറവുകളോടുംകൂടി നമ്മെ സ്നേഹിക്കുന്ന ഒരേ ഒരു ദൈവമേയുള്ളൂ... അത് മിശിഹാ തമ്പുരാനാണ്.

കാണാതെതന്നെ ക്രിസ്തുവാണെന്ന് വിശ്വസിക്കാൻ നാം എത്തുന്നത് വി. കുർബാനയിലാണ്. ദൗർഭാഗ്യവശാൽ കോവിഡ് രോഗകാലത്ത് അതിന് നമുക്ക് അവസരം ഇല്ലാതായി. ആശങ്കപ്പെടാതെ ആത്മീയവിശുദ്ധബലിയർപ്പണത്തിനും, വി. കുർബാന സ്വീകരണത്തിനും നമുക്ക് സാധിക്കും..സാധിക്കണം. അനുദിന ജപമാലയർപ്പണം, വിശുദ്ധഗ്രന്ഥവായന എന്നിവ മുടക്കം വരാതിരിക്കാൻ ശ്രദ്ധിക്കാം. കോവിഡ് രോഗബാധിതരെയും ശുശ്രൂഷിക്കുന്നവരെയും വിശ്വാസം ദാനം തന്ന മിശിഹാതമ്പുരാൻ സുഖപ്പെടുത്തട്ടെ. ദുക്റാനത്തിരുനാൾ ആത്മീയബലത്തിന്റെ സൗഖ്യ ദിനങ്ങളാകാൻ പ്രാർത്ഥിക്കാം.

സീറോമലബാർ സഭാഗാത്രം മുഴുവനായി വി. തോമാശ്ലീഹായിലൂടെ ഈശോയിൽ വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ ഇടവരട്ടെ.

**സിറിയക് മഠത്തിലച്ചൻ സി. എം. ഐ.**

**ഫാ. ജോയ്സ് മടുക്കകുഴി സി. എം. ഐ.** : 9916719743

**ഫാ. ഷിജിൻ പുളിമൂട്ടിൽ സി. എം. ഐ.** : 9510888287

## ഇടവകവാർത്തകൾ നിർദ്ദേശങ്ങൾ

- നമ്മുടെ ഇടവകയിൽ വിശുദ്ധ കുർബാന പുനരാരംഭിച്ചിരുന്നു. എങ്കിലും രോഗവ്യാപനം കൂടുന്ന സാഹചര്യത്തിൽ താത്കാലികമായി നാം നിർത്തിവച്ചിരിക്കുകയാണ്.
- പള്ളി ഓഫീസും ബുക്ക് സ്റ്റാളും ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ 9 മണി മുതൽ 1 മണിവരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.
- ഞായറാഴ്ചകളിൽ രാവിലെ 9 മണിക്കും 11.30 നും വിശുദ്ധ കുർബാന നമ്മുടെ YouTube Channel ൽ ഓൺലൈൻ ആയി സംപ്രേഷണം ചെയ്യുന്നുണ്ട്.
- ഓൺലൈൻ വിശുദ്ധ കുർബാനകളിൽ പങ്കെടുത്ത് എത്തുന്നവർക്ക് വിശുദ്ധ കുർബാന സ്വീകരിക്കുവാനും ആവശ്യമുള്ളവർക്ക് കുമ്പസാരകൂദാശ സ്വീകരിക്കുവാനുമുള്ള സൗകര്യം എല്ലാ ദിവസവും ഉച്ചക്ക് 12.30 വരെ ഉണ്ടായിരിക്കുന്നതാണ്.
- വേദപാഠം 8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്ക് ഓൺലൈൻ ആയി നടത്തിവരുന്നു.
- എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7.30 മുതൽ 8 മണി വരെ നമ്മുടെ ദേവാലയത്തിൽ നിന്നുള്ള ആരാധനയിൽ YouTube Channel വഴി പങ്കെടുക്കാവുന്നതാണ്. നിങ്ങൾക്ക് എന്തെങ്കിലും പ്രാർത്ഥനാ നിയോഗങ്ങൾ ഉണ്ടെങ്കിൽ വൈദികരുടെ ഫോണിലേക്ക് മെസ്സേജ് ആയി അറിയിക്കാവുന്നതാണ്.
- കുർബാന നിയോഗങ്ങൾ, ഒപ്പീസ് മുതലായവക്ക് നിയോഗങ്ങൾ സമർപ്പിക്കുവാൻ ഓഫീസിൽ സൗകര്യമുണ്ട്.
- Parish Hall നോട് അനുബന്ധിച്ചുള്ള Kitchen ന്റെ നിർമ്മാണം നമ്മുടെ ട്രസ്റ്റിമാരുടെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നു.
- പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം ജപമാലയുടെ ലുത്തീനിയയിൽ 'കാരുണ്യത്തിന്റെ മാതാവേ', 'പ്രത്യാശയുടെ മാതാവേ', 'അഭയാർത്ഥികളുടെ ആശ്വാസമേ' എന്നീ മൂന്ന് യാചനകൾകൂടി ഉൾപ്പെടുത്തി പ്രാർത്ഥിക്കേണ്ടതാണ്.
- എല്ലാ ദിവസവും കുടുംബപ്രാർത്ഥനക്ക് ശേഷം ചൊല്ലേണ്ട ഒരു പ്രാർത്ഥന ഇതോടൊപ്പം അയക്കുന്നു.

## UPCOMING EVENTS

**Dates to be remembered**

July 10,11, 12 — Marriage Preparation Course - Online



July 16 Thu
Feast of Our Lady of Mount Carmel

July 19 Sun — Season of Kaita begins



July 28 Tue
Feast of St. Alphonsa



Aug 4 Tue
St. John Maria Vianny

Aug 6 Thu — Transfiguration of our Lord



Aug. 15 Sat
Assumption of Bl. Virgin Mary,
Independence Day



Aug 29 Sat
St. Euphrasia



Sept 5 Sat
Feast of St. Mother Theresa
Teachers day